STATEMENTS REGARDING THE RESIGNATION OF THE PREVIOUS MINISTRY.

MR. S. KUTTAN (*Neyyattinkara I—General*) : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഇന്നത്തെ അജൻഡായിൽ ചേർത്തിരിക്കുന്ന ഒരു സംഗതിയെപ്പറ്റി ഒരു പ്രസ്താവനചെയ്യുവാൻ ഏതെങ്കിലും മെമ്പർക്ക് അധികാരമുണ്ടോ ?

MR. PRESIDENT: Under the Rules a member who has resigned the office of Minister is entitled to make a statement and such statement shall be made after questions and before the list of business for the day is entered upon. Therefore I rule out the objection just now raised.

MR. K. A. MATHEW: May I know, whether the other members will be allowed to correct the inaccuracies in the course of such statement.

MR. PRESIDENT: No discussion will be allowed. Mr. Thanu Pillai will make his statement and the Prime Minister or any other minister will have a say on the matter.

HON'BLE MR. T. K. NARAYANA PILLAI : Rule 37 of the Legislative Rules may be referred to in this connection.

MR. K. A. MATHEW : അഭിപ്രായഭിന്നതയുള്ള കാര്യങ്ങൾ അതേ സ്റ്റേറ്റുമെൻറിൽ വന്നാൽ അതേപ്പറ്റി സംസാരിക്കുവാൻ മെമ്പറന്മാരെ അനുവദിക്കുമോ ?

MR. PRESIDENT : അഭിപ്രായവ്യത്യാസമുള്ള കാര്യങ്ങളെപ്പറ്റി മിനിസ്റ്റർ മറുപടിപറഞ്ഞുകൊള്ളും അല്ലാതെ അതേപ്പറ്റി ഒരു വാദപ്രതിവാദം നടത്തുവാൻ അനുവദിക്കുകയില്ല.

MR. G. RAMACHANDRAN (*Neyyatinkara III—General*): May I suggest that the Rule may be read out here so that all of us might be clear in our minds where exactly we stand in relation to that rule.

HON'BLE MR. T. K. NARAYANA PILLAI : The Rule says

"A member who has resigned the office of Minister may, with the consent of the President, make a personal statement in explanation of his resignation.

Such statement shall be made after questions and before the list of business for the day is entered upon.

On such statement no debate shall be allowed: Provided that a Minister shall be entitled, after the member has made the statement, to make a statement pertinent thereto."

MR. G. RAMACHANDRAN : From this am I to take it that each one of the Ministers who has resigned can make a statement and is to be replied to by a Minister of the present Government ? Does it mean that as many times there are statements, replies too will be made ?

MR. PRESIDENT : I rule that every member who has resigned the office of Minister can make a statement if he chooses to and it will be in the discretion of the ministers to reply or not.

LIBRARY ARCHIVES Kerala Legislative Assembly

MR. A THANU PILLAI: സർ, കഴിഞ്ഞതവണ ഈ അസംബ്ളി അവസാനിച്ചത് ചിങ്ങമാസം ഫ 0 -ാംന-യായിരുന്നു. എന്നാൽ.....

MR. G. RAMACHANDRAN: We are unable to hear the speaker on this side of the House

MR. A. THANU PILLAI: I demanded the same when other members were speaking. But that was not done The only thing is that I did not bring forward that complaint and so if the Chair can undertake to remove that complaint so far as I am concerned I am prepared to give no room for that complaint to the other members as well. But so long as I am prevented for whatever cause it may be from getting advantage of the speeches made here, nobody, whoever he may be, has a right to complain that I am not making myself audible.

MR. G. RAMACHANDRAN: I have no complaint now because I am able to hear the member.

MR. A. THANU PILLAI: Anyway I will try to make myself audible.

MR. P. M. VARGHESE: അങ്ങേയ്ക്ക് ഒരു നല്ല ശബ്ദമുണ്ടല്ലോ.

MR. A. THANU PILLAI: I should thank the member for that compliment, rather a compliment, I should say, from a brilliant friend here.

ഈ കാര്യത്തെപ്പറ്റി പറയുമ്പോൾ എല്ലാവരും മനസ്സിലാക്കേണ്ടതാണ് മലയാളത്തിൽ പറയാമെന്ന് വിചാരിക്കുന്നു. കഴിഞ്ഞ ചിങ്ങമാസം ഫ 0 -ാംന- ആണ് ഈ നിയമസഭയുടെ ബഡ്ജറ്റ് യോഗം അവസാനിച്ചത്. ഇന്ന് വൃശ്ചികമാസം 2 2 -ാംന-യാണ്. ഇന്ന് വീണ്ടും നാം കൂടുമ്പോൾ മുൻപു ഞാനും എന്റെ 2റ്റുചില സ്നേഹിതന്മാരും ഇരുന്ന സ്ഥാനങ്ങളിൽ, വേറെചില സ്നേഹിതന്മാർ ഇരിക്കുന്നതായി കാണുന്നു. ഇതിനെപ്പറ്റി സഭ മുൻപാകെ എനിക്ക് പറയുവാനുള്ളത് പറയുന്നതു് ഒരു കടമയാണെന്നു കരുതിയാണ് ഞാൻ ഈയവസരം ഇതിനായി വിനിയോഗിക്കുന്നതു്.

എന്തുകൊണ്ടാണ് ഈ മിനിസ്ട്രിമാറാൻ ഇടയായതെന്നാണ് ഞാൻ പറയാൻ ഉദ്ദേശിക്കുന്നതു്. ആ യോഗംകൂടി പിരിഞ്ഞതിനു ശേഷം ഇപ്പോൾ ഏകദേശം മൂന്നരമാസമായിരിക്കുന്നു. ആ യോഗം കൂടി പിരിഞ്ഞു് രണ്ടുമാസം കഴിഞ്ഞപ്പോൾ പഴയ മന്ത്രിസഭ രാജിവയ്ക്കുകയാണുണ്ടായതു്. ആ യോഗത്തിൽ ഞങ്ങൾ ബഡ്ജറ്റ് അവതരിപ്പിച്ചു. ആ ബഡ്ജറ്റിനെപ്പറ്റിയുള്ള വിമർശനം നടന്ന അവസരങ്ങളിൽ സ്റ്റേറ്റുകാൺഗ്രസ്സ് പാർട്ടിയിൽപ്പെട്ട ചില അംഗങ്ങളും മറ്റു

LIBRARY ARCHIVES Kerala Legislative Assembly

കക്ഷികളിലെ ചില സ്നേഹിതന്മാരും ശക്തിയായി വിമർശനങ്ങൾ നടത്തിയെങ്കിലും ആ ബഡ്ജറ്റ് അതേരൂപത്തിൽതന്നെ ഈ സഭ സ്പീകരിച്ചുവെന്നുള്ളതു് ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തിക്കൊള്ളട്ടെ. വളരെ അപൂർവ്വമായി മാത്രമെ ഒരു ബഡ്ജറ്റ് അതേരൂപത്തിൽ ഒരു ജനപ്രതിനിധിസഭ പാസ്സാക്കാറുള്ളൂ. കഴിഞ്ഞ യോഗത്തിൽ ഞങ്ങൾ അവതരിപ്പിച്ച ബഡ്ജറ്റ് അതേപടി പാസ്സാക്കുകയാണു ചെയ്തതു്.

അതിനുശേഷം എന്താണു നടന്നതു്? ഈ മന്ത്രിസഭ രാജിവയ്ക്കാൻ കാരണമാകത്തക്കവണ്ണം കഴിഞ്ഞ നിയമസഭ പിരിഞ്ഞതിനു ശേഷം എന്തുണ്ടായി? ഔദ്യോഗികമായി ആ മന്ത്രിസഭ എന്തെല്ലാമാണു ചെയ്തിട്ടുള്ളതു് എന്നു നമുക്കു നോക്കാം. താൽക്കാലികങ്ങളായ ചില സംഗതികൾ മന്ത്രിസഭയ്ക്കു് ചെയ്യേണ്ടതായി വരും. ആ നിയമസഭ നടന്നുകൊണ്ടിരുന്നപ്പോഴും അതിനെത്തുടർന്നും ഒട്ടുവളരെ ഉദ്യോഗങ്ങളിലേക്കു് ആളുകളെ നിയമിക്കേണ്ടിയിരുന്നു. ഗവണ്മെൻറിൽനിന്നും സ്റ്റേറ്റുകാൺഗ്രസ്സു പാർട്ടിയുടെ ആവശ്യപ്രകാരം ഉദ്യോഗസ്ഥന്മാർ പെൻഷൻപറ്റുന്ന വയസ്സു് ഒരു പരിധിവരെ കുറച്ചതിനാൽ ഒട്ടുവളരെ ഉദ്യോഗങ്ങൾ ഒഴിവുവന്നു. ആ ഉദ്യോഗങ്ങളിലേക്കു് ആളുകളെ ആ മന്ത്രിസഭ നിയമിച്ചു.

പിന്നെ പ്രധാനമായി നടന്ന കാര്യങ്ങളുടെ കൂട്ടത്തിൽ എനിക്കു് പറയുവാനുള്ളതു് ഡൽഹിയിലെ ഫുഡ് കാൺഫറൻസിനെപ്പറ്റിയാണു്. ഞാനും, ഫുഡ് മിനിസ്റ്ററായിരുന്ന മി. കോരയുംകൂടി ഡൽഹിയിൽപോയി, കാൺഫറൻസിൽ സംബന്ധിച്ചു. ആ കാൺഫറൻസിൽ അതിനു മുൻപുതന്നെ ഇൻഡ്യാഗവണ്മെൻറിനോടു ഞാൻ ആവശ്യപ്പെട്ടിരുന്ന പ്രകാരം നമുക്കു് ഇവിടെ അരി വരുത്തി വില്പനചെയ്യുന്നതു സംബന്ധിച്ചുണ്ടാകുന്ന നഷ്ടത്തിനു പരിഹാരം വരുത്തക്കവണ്ണം ഇൻഡ്യാഗവണ്മെൻറിൽ നിന്നു ഗണ്യമായ സഹായം കിട്ടണമെന്നു് വാദിച്ചിരുന്നു. അതേവാദംതന്നെ ആ കാൺഫറൻസിൽവച്ചു് ഞങ്ങൾ ശക്തിയായി ആവർത്തിച്ചു. അതിൻറെ ഫലമായി നമുക്കു അരി വരുത്തി വിൽക്കുന്നതിൽവച്ചു് ഒക്ടോബർമാസം മുതൽ ഉണ്ടാകുന്ന നഷ്ടത്തിൽ പകുതി ഇൻഡ്യാഗവണ്മെൻറു തന്നുകൊള്ളാമെന്നു സമ്മതിച്ചു. ആ സമ്മതത്തെസംബന്ധിച്ചു് ഇൻഡ്യാഗവണ്മെൻറു ചെയ്തിട്ടുള്ള തീരുമാനം ഉറപ്പുകൊള്ളുന്ന എഴുത്തുവന്നതിനു ശേഷം ചാക്കൊന്നിനു് ൮ രൂപായ്ക്കു വിറ്റിരുന്ന അരിയുടെ വില ആ മന്ത്രിസഭ ൬ രൂപയ്ക്കു കുറച്ചു. ബഡ്ജറ്റുയോഗം കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Thanu Pillai]

തിനശേഷം ആ മന്ത്രിസഭ ചെയ്തിട്ടുള്ള ഒരു കാര്യം അതാണ്. അതു നാട്ടിനു എത്രമാത്രം ഗുണമാണെന്നും അതു് തെറ്റോ ശരിയോ എന്നും ഈ സഭതന്നെ ആലോചിച്ചുകൊള്ളുക.

മറ്റൊരുകാര്യം മന്ത്രി മി. കോരതന്നെ ബംഗാളിൽപോയി അവിടത്തെ ജൂട്ടുകൃഷിയെപ്പറ്റി പഠിച്ചുവരികയും ഈ കൃഷിയിൽ വിദഗ്ദ്ധനായ ഇൻഡ്യാഗവണ്മെൻറിലെ ഒരു ഉദ്യോഗസ്ഥനെ വരുത്തി അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം ഇവിടെ ജൂട്ടുകൃഷിക്കു ഏർപ്പാടുചെയ്യുകയുംചെയ്തു എന്നുള്ളതാണു. അതോടുകൂടി ബഡ്ജറ്റിൽ വ്യവസ്ഥചെയ്തിട്ടുള്ളപ്രകാരം മറ്റു പല കാര്യങ്ങളും നടപ്പിൽ വരുത്തുന്നതിനു് വേണ്ട വ്യവസ്ഥകളും ആ മന്ത്രിസഭ അതിനകം ചെയ്തിട്ടുണ്ടു. മെഡിക്കൽകാളേജു് ഉണ്ടാക്കുക, ഹെൽത്തുഡിപ്പാർട്ടുമെൻറിനെ പരിഷ്കരിക്കുവാൻ വേണ്ട വ്യവസ്ഥകൾചെയ്യുക, ഗ്രാമപ്പഞ്ചയത്തുകളുടെ നടത്തിപ്പു കൂടുതൽ സത്വരമാക്കുന്നതിനുള്ള നടപടികൾ നടത്തുക എന്നു വേണ്ടാ ഞങ്ങൾക്കു ലഭിച്ചിട്ടുള്ള ആ സമയം ഒട്ടുംതന്നെ ദുരുപയോഗപ്പെടുത്താതെയും, ഉപയോഗശൂന്യമാക്കാതെയും കഴിവുള്ളതു പ്രവർത്തനങ്ങളാം ആ ക്യാബിനറ്റു ചെയ്തുകൊണ്ടാണിരുന്നതു. അതേപ്പറ്റി വളരെ ദീർഘമായി ഇവിടെ പ്രസ്താവിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല.

എന്തുകൊണ്ടാണു് മന്ത്രിസഭ രാജിവയ്ക്കേണ്ടിവന്നതെന്നുള്ള ചോദ്യം ഇവിടെ ഉൽഭവിക്കുന്നു. എന്തുകൊണ്ടായിരുന്നുവെന്നു നോക്കാം. ഒരു പാർട്ടിലീഡർ എന്നുള്ള നിലയിൽ ഞാൻ കഴിഞ്ഞ ഒക്ടോബർ-നു- അതായതു് കന്നിമാസം വന്നു-നു- ഒരു പാർട്ടിയോഗം, എന്നു പറഞ്ഞാൽ, സ്റ്റേറ്റുകാൺഗ്രസ്സിന്റെ പാർലമെൻററി പാർട്ടിയോഗം വിളിച്ചുകൂട്ടുകയുണ്ടായി. ഞാൻ പ്രൈംമിനിസ്റ്ററായിരുന്നുകൊണ്ടു; രൂപീകരിച്ചിട്ടുള്ള മിനിസ്ട്രി—മറ്റൊരുവിധത്തിൽ പറയുകയാണെങ്കിൽ സ്റ്റേറ്റുകാൺഗ്രസ്സിന്റെ പാർലമെൻററി പാർട്ടിയുടെ ഭൂരിപക്ഷാനുകൂല്യമുള്ള മിനിസ്ട്രി—ക്കുടുക്കുടെ പാർട്ടിയോഗം വിളിച്ചുകൂട്ടേണ്ടതു, ഒരു പാർട്ടിഗവണ്മെൻറിന്റെ പ്രവർത്തനത്തിനു് ഏറ്റവും ആവശ്യമായിട്ടുള്ള ഒരു കാര്യമാണു്. അതനുസരിച്ചു് യോഗം വിളിച്ചുകൂട്ടുകയും, പാർട്ടിയിൽപ്പെട്ട 79 അംഗങ്ങൾ ഒപ്പിട്ട ഒരു എഴുത്തു് എൻറെ കയ്യിൽ നിക്ഷേപിക്കപ്പെടുകയും ചെയ്തു. ആ എഴുത്തിൽ പറഞ്ഞിരുന്നതെന്തെന്നാൽ, മന്ത്രിസഭയുടെ ഇതുവരെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങളിൽ പാർട്ടിക്ക് അതൃപ്തിയാണുള്ളതെന്നും മേലാൽ മന്ത്രിസഭ തുടർന്നുകൊണ്ടുപോകുന്നതു് ശരിയല്ലെന്നും മന്ത്രിസഭയ്ക്ക് പാർട്ടിക്ക് വിശ്വാസമില്ലെന്നും ആയിരുന്നു. എന്നെ ഏൽപ്പിച്ച എഴുത്തിനെ പാർട്ടിയുടെ സവിശേഷമായ ചർച്ചയ്ക്കു വിഷയമാക്കുകയും അവസാനം പാർട്ടിയുടെ ഭൂരിപക്ഷതീരുമാനത്തിനു വിധേയമാക്കുകയും ചെയ്യണമെന്നുള്ളതാണ് അതിലേ നടപടിക്രമമെങ്കിലും, ഇത്രവളരെ അംഗങ്ങൾ അതിൽ ഒപ്പുവച്ചിട്ടുള്ള സ്ഥിതിക്ക് ഈ മന്ത്രിസഭ തുടർന്നുകൊണ്ടുപോകുന്നതു് നല്ലതല്ലെന്നതന്നെ ഞാൻ തീരുമാനിച്ചു. ആ തീരുമാനത്തിന്റെ ഫലമായിട്ടാണ് മന്ത്രിസഭ രാജിവച്ചിട്ടുള്ളതു്. എന്തു കാരണങ്ങളാലാണ് രാജിവയ്ക്കേണ്ടതെന്നോ, ഏതുവിധത്തിലുള്ള അവിശ്വാസമാണ് മന്ത്രിസഭയിൽ ഉണ്ടായിരിക്കുന്നതെന്നോ ഉള്ള യാതൊരു വിവരവും ആ എഴുത്തിൽ കാണിച്ചിട്ടില്ലായിരുന്നു. ഒരു മന്ത്രിസഭ രാജിവച്ചു പിരിയേണ്ടതായ യാതൊരു പബ്ലിക് ഗ്രൗണ്ട്സും ആ മന്ത്രിസഭയെസംബന്ധിച്ചിടത്തോളം ഇല്ലായിരുന്നുവെന്നു ഞാൻ തീർത്തുപറയുന്നു. അങ്ങനെയിരിക്കെ മന്ത്രിസഭ രാജിവച്ചു പോകണമെന്നു് വന്നതിൽ ഉള്ള ന്യായമായ കാരണങ്ങൾ എന്തെല്ലാമാണെന്നു് ഉത്തരവാദിത്വമുള്ള ഇന്നത്തെ ആളുകൾതന്നെ പറയട്ടെ. മന്ത്രിസഭ രാജിവയ്ക്കേണ്ടതിന്റെ ആവശ്യം പ്രിൻസിപ്പളനെ അടിസ്ഥാനപ്പെടുത്തിയാണെന്നു് ഇന്നത്തെ പ്രധാനമന്ത്രി പറഞ്ഞതായിട്ടു് എന്റെ അറിവിൽപ്പെട്ടു. എന്റെ മന്ത്രിസഭയും ഇന്നു നിലവിലിരിക്കുന്ന മന്ത്രിസഭയും തമ്മിൽ പ്രിൻസിപ്പളിനു് എന്തു വ്യത്യാസം ആണു് വരുത്തിയിട്ടുള്ളതെന്നു് ഞാൻ ചോദിക്കുന്നു.

MR. T. A. ABDULLA : മുൻപിലത്തെ മന്ത്രിസഭ സ്ഥാപിതതാൽപ്പര്യക്കാരുടെ ഒരു മന്ത്രിസഭയായിരുന്നു എന്നുള്ള പരാതി ബഹു. മെമ്പറുടെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ ?

MR. A. THANU PILLAI : അങ്ങനെയും ഞാൻ കേട്ടിട്ടുണ്ടു

MR. PRESIDENT : I would request Hon'ble Members not to hinder the statement as is being done now.

MR. A. THANU PILLAI. I want the support of the President in that respect.

MR. PRESIDENT: Not that I support that position but I cannot allow that state of affairs.

MR. A. THANU PILLAI. I am very glad to note that you are not going to allow that state of affairs.

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Thanu Pillai]

ഏതായാലും എന്താണ് പ്രിൻസിപ്പിളിൽ തെറ്റുണ്ടാക്കിവച്ചിട്ടുള്ളതെന്ന് എനിക്ക് ചോദിക്കാതെ നിവൃത്തിയില്ല. മുൻപിലത്തെ മന്ത്രിസഭ സ്പീക്കരിച്ചിട്ടില്ലാത്ത ഏതു തത്വമാണ്, ഏതു ന്യായമാണ് ഇപ്പോഴത്തെ മന്ത്രിസഭ സ്പീകരിച്ചിട്ടുള്ളതു് എന്നുള്ള ചോദ്യം ന്യായമായി എനിക്കു ചോദിക്കാൻ അവകാശമുണ്ടെന്ന് ഞാൻ വിചാരിക്കുന്നു.

MR. P. M. VARGHESE: On a point of order, Sir, Is not this statement tantamount to placing here a motion of no confidence on the present Ministry?

MR. PRESIDENT: Absolutely not. This is only a statement made by the out going Minister.

MR. A. THANU PILLI: സർ, എനിക്ക് ഒരു സംഗതി ഇവിടെ പറയാനുള്ളതു് ഞാൻ മുമ്പു പറഞ്ഞ എഴുത്തിനെപ്പറ്റിയാണ്. ഒരു പാർട്ടി ലീഡറും പ്രൈംമിനിസ്റ്ററും ആയിരുന്ന എന്നെയോ എക്സിക്യൂട്ടീവു് കമ്മിറ്റിയേയോ മുൻകൂട്ടി അറിയിക്കാതെ പാർട്ടിയിൽപ്പെട്ട കുറെ ആളുകൾ ഒത്തുചേർന്ന് ഒപ്പുശേഖരിച്ചു് നൽകപ്പെട്ട ഒരെഴുത്തായിരുന്നു അതു്. ഇങ്ങനെ ഒപ്പുശേഖരിക്കുന്നതിൽ ഇന്നത്തെ പ്രധാന മന്ത്രിയും അന്നത്തെ പാർട്ടിയുടെ ചീഫ് വിപ്പുമായ മി. ടി. കെ. നാരായണപിള്ള പങ്കെടുത്തിരുന്നു. ഈ സംഗതി എന്നോടു് ആരും പറഞ്ഞതല്ല എനിക്ക് നേരിട്ട് അറിയാവുന്നതാണ്. ഇങ്ങനെ ഉണ്ടായതു് ഒരു പ്രിൻസിപ്പിളിനെയും അടിസ്ഥാനപ്പെടുത്തിയില്ല. പ്രത്യുത പാർട്ടിക്കകത്തുണ്ടാക്കിയ ഒരു പിളർപ്പിന്റെ ഫലമാണ്. അവിടെ ചില ഗ്രൂപ്പുകൾ ഉണ്ടായി. വ്യക്തിപരമായ ചില പ്രത്യേക താല്പര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ഇങ്ങനെ പ്രവർത്തിച്ചിട്ടുള്ളതു്. ഇതിനിടയിൽ മന്ത്രിസഭയെ ദുർബലപ്പെടുത്തുന്നതിനും പൊതുജനങ്ങളുടെ ഇടയിൽ തെറ്റിദ്ധാരണ ഉണ്ടാക്കുന്നതിനും ആയിട്ടുള്ള ചില കുത്സിതങ്ങളും കൂടെ ഉൾജിതത്തിൽ വരുത്തി. അതിനടിസ്ഥാനമായിട്ടുള്ള സംഗതികൾ എന്തെന്നാൽ: സർ സി. പി. യുടെ പ്രതിമകൾ മാറണം, അദ്ദേഹത്തെ സേവിച്ച ഉദ്യോഗസ്ഥന്മാരെ ഗളഹസ്തം ചെയ്യണം എന്നും മറ്റുമുള്ള അഭിപ്രായങ്ങളിൽ ഞാൻ വിപരീതം പ്രകടിപ്പിച്ചതുകൊണ്ടാണ് ഇങ്ങനെയുള്ള പ്രചരണവേലകൾ ഉൽഘോഷിച്ചിട്ടുള്ളതു്. ഒരു ഗവണ്മെൻറിനെ വളരെ വിശ്വാസത്തോടും ആത്മാർത്ഥതയോടുംകൂടി സേവിച്ച ഒരു ഉദ്യോഗസ്ഥൻ, ആ ഗവണ്മെൻറു മാറി മറ്റൊരു ഗവർമ്മെൻറു വരുമ്പോഴും അങ്ങനെതന്നെ പ്രവർത്തിക്കുമെന്നു് ഞാൻ പ്രൈമിനിസ്റ്ററായിരുന്നപ്പോൾ എനിക്ക് അനുഭവമുണ്ട്. സെക്രട്ടറിയേറ്റിലാകട്ടെ മറ്റുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ടുമെൻറുകളിലാകട്ടെ, ഉദ്യോഗസ്ഥന്മാർ സർ സി. പി. യെ എങ്ങിനെ സേവിച്ചോ അതേ മനോഭാവത്തിൽതന്നെയാണ് എന്നെയും എന്റെ സഹമന്ത്രിമാരെയും സേവിച്ചിട്ടുള്ളത്. ഏന്ന സംഗതി ഇവിടത്തെ പ്രൊസീഡിംഗ്സിൽ രേഖപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. എനിക്ക് തികച്ചും ബോദ്ധ്യമുള്ള സംഗതികളാണ് ഇതുപറയുമ്പോൾ ഞാൻ ചെയ്തിട്ടുള്ളത്. ഏതു ഗവണ്മെൻറായിരുന്നാലും ആ ഗവണ്മെൻറിനെയോ അതിനു മുൻപുള്ള ഗവണ്മെൻറിനെയോ ആത്മാർത്ഥതയോടുകൂടി സേവിച്ച ഉദ്യോഗസ്ഥന്മാരെ യാതൊരു കാരണവും പറയാതെ ശിക്ഷിക്കുകയോ പിരിച്ചു വിടുകയോ ചെയ്യുന്നത് ഒരു ഗവണ്മെൻറിന്റെയും നയമല്ല. അങ്ങനെയുള്ള കാരണം ഉണ്ടായിരുന്നാൽ ഒരുദ്യോഗസ്ഥനെ ശിക്ഷിക്കുകയോ പിരിച്ചു വിടുകയോ ചെയ്യുന്നതിൽ ഞാൻ എതിരഭിപ്രായക്കാരനല്ല..

MR. PRESIDENT: The Hon'ble Member has to confine his speech as to the reasons why he has resigned and not go into the question of what the present Ministry has done or proposes to do.

MR. A THANU PILLAI: സർ, എന്തുകൊണ്ടു ഞാൻ രാജികൊടുത്തു എന്നുള്ള സംഗതിയെപ്പറ്റി വിശദീകരിക്കുമ്പോൾ ഞാനതുവഴിക്കാൻ പ്രസിഡൻറവർകൾക്ക് സമ്മതമില്ലെങ്കിൽ ഞാൻ തുടരണമെന്നു വിചാരിക്കുന്നില്ല. ഞാൻ ചെയ്തതായ തെറ്റുകൾ, സർ സി. പി. യെ സേവിച്ച ഉദ്യോഗസ്ഥന്മാരെ ശിക്ഷിച്ചിട്ടില്ലെന്നുള്ളതാണ്. അവർ ശിക്ഷാർഹരാണോ അല്ലയോ എന്നുള്ളതു ബോദ്ധ്യം വരുന്നതിനുള്ളിൽ കാലം ഒരാളെ ശിക്ഷിക്കുന്നതു എനിക്ക് യോജിച്ച ഒരു പ്രവൃത്തിയല്ല. അതു നീതിപരമല്ല. എന്നാൽ ഇപ്പോഴത്തെ മന്ത്രിസഭയ്ക്ക് ഏതു നടപടി സ്വീകരിച്ചും പ്രവർത്തിക്കാനുള്ള ശക്തി ഉണ്ടായിരിക്കാം. പിന്നിട് എനിക്ക് പറയാനുള്ളതു സർ സി. പി. യുടെ കാലത്തു നടപ്പിൽ വരുത്തിയിരുന്ന ചില വ്യവസായങ്ങളെപ്പറ്റിയും ധനപരമായ ചില ഏർപ്പാടുകളെപ്പറ്റിയും ഒപ്പണായിട്ടുള്ള ഒരന്വേഷണം നടത്തിയില്ല എന്നുള്ളതിനെപ്പറ്റിയാണ്. എനിക്ക് ഒന്നു പറയാനുള്ളതു് അങ്ങനെയുള്ള കാര്യങ്ങളിലേക്ക് ഇന്നത്തെ മന്ത്രിസഭപോലും ഇനിയുമുണ്ടെന്നാണ്. വ്യവസായപരമായിട്ടും ധനപരമായിട്ടും അദ്ദേഹം വളരെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അതിനെ അദ്ദേഹത്തിന്റെ അഭാവത്തിൽ ഏതെങ്കിലും കാര്യം പറഞ്ഞു കുറ്റപ്പെടുത്തണമെന്ന് ഞാൻ വിചാരിക്കുന്നില്ല. രണ്ടാമത്തേത് രണ്ടുസെൻറ സ്ഥലത്തെപ്പറ്റിയുള്ള ഒരു കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. K. KUNJU : റസിഡൻസിയിൽ താമസം മാറിയതിനുശേഷം കുളിക്കുന്നതിനും മറ്റും ഒരു ടർക്കിഷ് ബാത്തു് പുതുതായിട്ടു ബഹു: മെമ്പർക്കുവേണ്ടി ഉണ്ടാക്കിയെന്നുള്ള വസ്തുത ശരിയാണോ?.

MR. A. THANU PILLAI : നിങ്ങൾ പറയുന്ന തരത്തിലുള്ള യാതൊരു സജ്ജീകരണങ്ങളും അവിടെയില്ല. അടിസ്ഥാനരഹിതമായ പല കാര്യങ്ങളും പൊതുജനങ്ങളുടെ ഇടയിൽ തെറ്റിദ്ധാരണ ഉണ്ടാക്കത്തക്കവണ്ണം ഇളക്കി വിട്ടിട്ടുണ്ടെന്നുള്ള സംഗതി എനിക്കുതന്നെ അറിയാം. അല്ലാതെ മന്ത്രിസഭയോടു് രാജിവയ്ക്കാൻ ആവശ്യപ്പെടത്തക്കവണ്ണം ഒരു കാരണവും അതുമാത്രം ഇതേവരെ പറഞ്ഞുകേട്ടില്ല. അതു് എന്റെ സ്നേഹിതർ ഇപ്പോഴത്തെ പ്രധാനമന്ത്രി പറയുമെങ്കിൽ അതു കേൾക്കുന്നതിനു് എനിക്കു സന്തോഷമാണു്.

പിന്നെ, ഐക്യകേരളത്തെപ്പറ്റി ഒരു പ്രശ്നം ഉന്നയിച്ചിട്ടുണ്ടു്. സർ, ഇതേപ്പറ്റി കഴിഞ്ഞ മന്ത്രിസഭയെക്കുറിച്ചു പറയുന്നതു് ആ മന്ത്രിസഭ ഇക്കാര്യത്തിൽ ഒരു കമ്മി കാട്ടിച്ചു എന്നാണു്. അതെന്താണെന്നു് ഇപ്പോൾ അറിയാമായിരിക്കണം. ഇൻഡ്യയേ ഇന്നു നയിക്കുന്ന പണ്ഡിറ്റ് നെഹ്രു, പട്ടേൽജി മുതലായവരൊക്കെ പറയുന്നതു പോലെ തന്നെ ആ പ്രശ്നങ്ങളുടെ പ്രക്ഷോഭണങ്ങളും കൈകാര്യം ചെയ്യുന്നതിനു് പറ്റിയ കാലമല്ല ഇതു് എന്നായിരുന്നു എന്റെ അഭിപ്രായം. അതു എല്ലാ മന്ത്രിമാരുടേയും യോജിച്ചുള്ള അഭിപ്രായമായിരുന്നു. അതിനേപ്പറ്റി ഇന്നത്തെ മന്ത്രിസഭയുടെ അഭിപ്രായം പലപ്പോഴും പലതാണെന്നല്ലാതെ അതിനേക്കുറിച്ചു് വ്യക്തമായി ഒന്നും പറയുന്നില്ല. ആ കാര്യം സംബന്ധിച്ചു് ഈ മന്ത്രിസഭ എന്തെങ്കിലും ചെയ്യാൻ പോകുന്നുണ്ടോ, അതു് നടപ്പിൽ വരുത്തക്കവണ്ണമുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ? എന്നെല്ലാം അറിയുന്നതു് രസാവഹമായിരിക്കും. വളരെ പ്രധാനമേറിയ ഈ കാര്യങ്ങളിൽ നാട്ടുകാർക്കൊക്കെ വളരെ താൽപ്പര്യവും ഉൽക്കണ്ഠയും ഉണ്ടു്. അതേപ്പറ്റി വിശദമായ ഒരു നില ഈ മന്ത്രിസഭ സ്വീകരിക്കുമെങ്കിൽ നന്നായിരിക്കും. പ്രക്ഷോഭം എന്താണെന്നുള്ളതു കണ്ടറിയണം. ഈ കാര്യങ്ങളൊക്കെ പഴയ മന്ത്രിസഭ പോയതിനുശേഷം നടന്നതാണു്. അതുകൊണ്ടു് ആ കാര്യങ്ങളാലാണു് അവർ ഒപ്പിട്ടതെന്നു് ഞാൻ വിശ്വസിക്കുന്നില്ല

സർ, പിന്നെ ഒരൊന്നരമാസക്കാലത്തിനിടയ്ക്കു് ഇപ്പോഴത്തെ മന്ത്രിസഭയും, സ്റ്റാറ്റു മാറ്റവും, ധനകാര്യ സംബന്ധങ്ങളായ അപകട

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളേ സംബന്ധിച്ചുള്ള അന്വേഷണവും, ഒരാളൊഴിച്ചു മറ്റുദ്യോഗസ്ഥന്മാരെ പിരിച്ചുവിടിലും നടത്തിയതായി കാണുന്നില്ല. അവർ ഇതൊന്നും ചെയ്യണമെന്നല്ല; ആ അബദ്ധം ചെയ്യാതിരിക്കണമെന്നാണ് എന്റെ അഭിപ്രായം. എന്റെ മന്ത്രിസഭ ഏഴുമാസക്കാലത്തിനിടയ്ക്ക് എന്തൊക്കെ ചെയ്തിട്ടുണ്ടെന്ന് നിങ്ങൾക്കൊക്കെ അറിയാം. ഏതെല്ലാം വിഷമാവസ്ഥയിലാണ് ഭരണം ചെയ്യേണ്ടതെന്ന് ആലോചിച്ചാൽ നിങ്ങൾക്കു മനസ്സിലാക്കാൻ കഴിയുന്നതാണ്. ആഹാരസംബന്ധമായി വലുതായ വൈഷമ്യങ്ങൾ എന്റെ മന്ത്രിസഭ ചാർജെടുത്തപ്പോൾ ഉണ്ടായിരുന്നതിനേ, എന്തു സഹിച്ചും വിജയപൂർവ്വം ഭരണം ചെയ്യണമെന്നതന്നെ ഞാൻ പറയുന്നു. എന്റെ മന്ത്രിസഭ ചാർജെടുത്ത ആദ്യദിവസങ്ങളിൽ ഞാനും അതിനുശേഷം ആ കാര്യങ്ങൾ മനസ്സിലാക്കുകയും ചെയ്ത എന്റെ സ്നേഹിതൻ ശ്രീമാൻ കെ. എം. കോരയും അതു വിജയപൂർവ്വം നടത്തിക്കൊണ്ടു പോയി എന്നുതന്നെ പറയാം. ഞങ്ങൾ നാട്ടിന്റെ നന്മയെ ലാക്കാക്കി "പ്രൊഹിബിഷൻ" ഏർപ്പെടുത്തി. അതു വളരെ വളരെ ഭംഗിയായി നടക്കുന്നുണ്ടെന്നുള്ളതു നിഷേധിക്കാൻ സാധ്യമല്ല. ആഹാരസമ്പാദനകാര്യങ്ങൾ ഞാൻ പലതും ചെയ്തിട്ടുണ്ടു. ഇന്നത്തെ മന്ത്രിസഭയും ആ പ്രവർത്തനങ്ങൾ തുടർന്നു നടത്തുമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. വളം നിർമ്മാണത്തിനു്, മുഴുവൻ സമയവും ഉപയോഗപ്പെടുത്തുന്ന ഒരുദ്യോഗസ്ഥനെ നിയമിച്ചു. ഇന്നത്തെ പരിതഃസ്ഥിതിയിൽ, ആഹാരസാധനങ്ങളുടെ ഉൽപ്പാദനത്തിനു വളം വളരെ അത്യാവശ്യമാണു്. മെഡിക്കൽ കോളേജു് ഉണ്ടാക്കുന്നതിനുവേണ്ടി പ്രവർത്തനം ആരംഭിച്ചു. വില്ലേജ് അപ്പ്ലിഫ്റ്റിലേക്ക് ൪൦ ലക്ഷം രൂപാ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടു്. ആയുർവ്വേദത്തിന്റെ പ്രോത്സാഹനത്തിനു് രാജ്യത്തിന്റെ ധനപരമായനിലയെ അനുസരിച്ചും നാട്ടിന്റെ നന്മയേ ലാക്കാക്കിയും കഴിവുള്ളതെല്ലാം ചെയ്യാൻ ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടുണ്ടു്. ഇതൊക്കെയാണു് എന്റെ മന്ത്രിസഭയുടെ പ്രവർത്തനഫലം. സർ, ദീർഘമായി ഒന്നും ഇതിനേപ്പറ്റി പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. എന്തായിരുന്നാലും ആ മന്ത്രിസഭയെ നീക്കുന്നതിനുവണ്ണമുള്ള പബ്ലിക്കു് ഗ്രൗണ്ട്സ് ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. ഗ്രൂപ്പുകൾ സംഘടിപ്പിച്ചു്, വ്യക്തിപരമായ കാരണങ്ങളാലുള്ള ഗൂഢ പ്രവർത്തനങ്ങളുടെ ഫലമായിട്ടു് ആ മന്ത്രിസഭ നീക്കപ്പെട്ടു എന്നു് ഞാൻ പ്രസ്താവിക്കുന്നു. ഇതിനെതിരായി ഇന്നത്തെ മന്ത്രിസഭ എന്തെല്ലാം പറയുമെന്നു് അറിയാൻ ഞാൻ കാത്തിരിക്കുന്നു. ഈ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Thanu Pillai]

കാര്യങ്ങൾ നിയമസഭയിലെ എല്ലാ മെമ്പറന്മാരും അറിയേണ്ട ആവശ്യ മുണ്ടെന്നു പറഞ്ഞതുകൊണ്ടാണു ഞാൻ ഇതെല്ലാം പറഞ്ഞതു്. ഞങ്ങൾ ഏഴുമാസക്കാലം ഭരണം നടത്തിയതിൽ ആത്മാർത്ഥമായും ഉത്തമ വിശ്വാ സത്തോടുകൂടിയും ഞങ്ങളേ സേവിച്ച സർക്കാരുദ്യോഗസ്ഥന്മാരോടും ഞങ്ങളേ അനുകൂലിച്ച പാർട്ടി അംഗങ്ങളോടും എനിക്കും എന്റെ സഹ മന്ത്രിമാർക്കും ഉള്ള കൃതജ്ഞതയേ ഞാൻ രേഖപ്പെടുത്തിക്കൊള്ളുന്നു. മേലും നാട്ടിന്റെ നന്മയാണു ഏതൊരു മന്ത്രിസഭയുടേയും ലക്ഷ്യമായിരി ക്കേണ്ടതു. ഭരണം നടത്തുന്നതിന് അടിസ്ഥാനമായ തത്വങ്ങളേ സാമു ദായികമായോ വ്യക്തിപരമായോ ഉള്ള ആക്ഷേപങ്ങൾ നിമിത്തം ബലി കഴിക്കരുതു്. ഇതും കേട്ടതിന് മെമ്പറന്മാരോടും, സർ, ഈ അനു വാദം തന്നതിന്, അങ്ങയോടും നന്ദി പ്രകടിപ്പിച്ചുകൊണ്ടു വിരമിച്ചു കൊള്ളുന്നു.

MR. PRESIDENT: Any other Minister, who has resigned, desires to make a statement?

MR. G. RAMACHANDRAN: I should like to know the procedure you are laying down for the making of statements. For instance, somebody makes a statement and somebody else replies to that. Does it therefore mean that, when one Minister has replied to the statement made by a Minister who has resigned there can be no further statement from the other Ministers who have resigned?

MR. PRESIDENT: I have already stated that every Minister who has resigned will be allowed to make a statement. Afterwards, I will call upon the Ministers now occupying the treasury benches to make a reply, if they have to make any.

MR. G. RAMACHANDRAN: Then I shall take this opportunity of saying whatever I have to say in regard to this very important constitutional crisis, if I might call it so, which has overtaken the country. The change of Government, Sir, is a most serious matter. The resignation of a cabinet.....

MR. PRESIDENT: I would like to make the position clear. I will read the pertinent rule.

"Rule 37 (1). The member who has resigned the office of minister may, with the consent of the President, make a personal statement in explanation of his resignation."

I would request that—I am not curtailing the freedom of speech of any Honourable Member—I would request every Honourable Member to confine himself, as far as possible, to the making of personal explanations for his resignation.

MR. G. RAMACHANDRAN: Thank you, Sir, for that helpful suggestion. I was saying that the resignation of a Government or of a Cabinet is a most serious matter and when the members of a

LIBRARY ARCHIVES Kerala Legislative Assembly

Government find that they are compelled to resign, it is for them to explain at the same time why they were compelled to resign. Let me tell you, Sir, even after thinking over the matter most carefully during the last several weeks, I am still at a loss to know how and why the previous Government was compelled to resign. Mr. Thanu Pillai said that he could not think of any public grounds which demanded the resignation of his Ministry. I wish to add to that statement. Even after the most careful consideration of this question, I am unable to find any political or administrative reasons adduced for compelling the previous Government to resign. Mr. Thanu Pillai gave a brief account of the doings of the previous Government and I will not cover that ground over again, because that will not be necessary and he has dealt with it in quite a thorough manner. What I wish to say is this; that the resignation of the Ministry if it was not due to any valid political or administrative reasons, was due to something and that something has to be carefully studied and analysed.

In my own view, Sir, many extraneous issues were pressed into service by a group in opposition to the previous Ministry to create against that Ministry grave disaffection in the country. Some of those points have already been touched upon by my friend Mr. Thanu Pillai. A great deal of prejudices and passions were created in this country by deliberate propaganda in that regard which was designed to create disaffection against the Government of which I was a member. One instance of such propaganda is the question of the grant of a little plot of land for depositing the ashes of a great patriot of Travancore. No man living in this country has anything except great reverence for the memory of that patriot, and I do not think that there is a man or woman so lost to reason and self-respect as not to co-operate in all legitimate and proper attempts to perpetuate the memory of so great a patriot. But what astounded me was that this particular thing was exploited up to the hilt to create disaffection against Government of which I was a member. I had the rare luck of listening to the oration delivered on the occasion by one of those who stand today behind the new order of Government in this country. That gentleman launched a terrific attack upon the Government of which I was a member saying, "This wretched Government did not give even two cents of land for depositing the ashes." He made that the burden of a big charge against our Government. But, Sir, weeks have elapsed since the new Government have been installed in office. What have they done for this? They are sitting on the back of the seven months' work of the previous Government. Why then has nothing been done in this direction? Why have they not given the two cents of land as yet? There must be some technical objections; the same which prevented us also from satisfying at once the request. But this was exploited to the hilt by public speeches which added gravely to misunderstandings.

LIBRARY ARCHIVES Kerala Legislative Assembly

[Mr. G. Ramachandran.]

Then comes the question of United Kerala. I had declared as a Minister from a public platform that none of us in the then Government were against the idea of a United Kerala. I repeat it today. None of us were against the idea of a United Kerala. We said merely that, there were very serious difficulties and very serious questions to be considered for the Government, before taking the decision in regard to a matter of that kind and it would not be well to deal with a matter involving the changing of boundaries of States and the re-allocation of finances light-heartedly. The problem is a serious and a difficult one. We have to build a province out of two or three component units. In any case, we are considering it. Now I have been watching carefully statements and speeches by those in the present Government on this question of a United Kerala Province. The Prime Minister himself has said in one of his speeches that the views expressed by him on this question are only his personal views and that he could not commit his Government to that view. This is exactly what we have said in our own times. Why are the old loud champions of a United Kerala now hesitant and indefinite on the question, now that they have entered the Ministry ? Why then was this big stick used against us? I cannot understand such tactics. We stand for a United Kerala. But it will be an accomplished thing only in the fulness of time and after many difficult issues have been properly settled.

(*Mr. K. A. Mathew stood up*)

MR. G. RAMACHANDRAN: I thought, Sir, that you have ruled that nobody should interrupt. Then, Sir, why were these passions and prejudices created ? It is easy to create public passions and prejudices. They then said that no self-respecting man could enter this Hall because of the Statue of Sir C P. Ramaswami Aiyar installed at the entrance ! Now they are in power. Has that statue been removed ? I am willing to give my vote for the removal of that statue. I ask why is that statue still there ? It all means, Sir, that when once you are responsible as members of a Government, you cannot talk like mob orators in the streets. If you talk you will have to justify your speech in action. These were some of the extraneous things that were used as big sticks to beat us with. Over and above these extraneous things, which remain where they were, I challenge anybody in this House to produce any legitimate and proper political or administrative reasons for the dismissal of the Ministry of which I had the honour of being a member. My regret is all the more when I think that the then Government contained three of the tallest men in the country.

MR. P. T. CHACKO: Perhaps they themselves were quarrelling.

MR. G. RAMACHANDRAN: I wonder how the honourable member was able to understand more about their quarrels in the Ministry than I, who was one among them. Now, let us consider another aspect of the case. I wonder how our budget was passed unanimously without any change at all if our Ministry had not the

LIBRARY ARCHIVES Kerala Legislative Assembly

confidence of the House. The passing of a budget is the test of the confidence in a Ministry. I have searched the history of the last seven months and I find nothing to justify the removal of the Ministry. But something was going on behind the scenes, of which we knew nothing. And, that is nothing less than secret political intrigue. Mr. Thanu Pillai referred to a certain matter and it strikes me as extraordinary. The then chief whip of the party, my honourable friend Mr. T. K. Narayana Pillai, who is now the Prime Minister- I wish him good luck-was himself in this intrigue b hind the scenes. That fills me with despair and gives me a feeling that political integrity and truthfulness have taken leave of this country. The Chief Whip of a party intriguing against his own leader ! We were the victims of a political intrigue which set at nought all political morality. We were the victims, I say again, of an intrigue, of a conspiracy within the party, conducted behind our backs by the office bearers and some members of the Executive of the party. Look at it this way. We have now a new leader—the present Prime Minister and he has a new Chief Whip in Mr. Atchuthan. The latter is a young man and I wish him well. But what will happen, if he starts intriguing secretly against by Mr. T. K. Narayana Pillai behind his back? I will leave that matter there. Let me close by repeating that we were compelled to resign because we were the victims of political intrigue.

MR. PRESIDENT: Does any member of the Treasury Bench wisk to reply?

HON'BLE MR. T K. NARAYANA PILLAI : സർ, വളരെ ആത്മനിയന്ത്രണത്തോടും സൂക്ഷ്മമായ ആത്മപരിശോധനയുടെയും ശേഷവുമാണ് ഞാൻ ഇന്നിവിടെ എഴുന്നേറ്റു നിൽക്കുന്നത്. അധികാരത്തിൽ നിന്നും പോയ മന്ത്രിസഭയുടെ ചെയ്തികളെപ്പറ്റിയോ പ്രവർത്തനങ്ങളെപ്പറ്റിയോ ഒരക്ഷരം പോലും പറയുന്നതിന് സാധാരണ മര്യാദപോലും എന്നെ അനുവദിക്കുന്നില്ല. ഒരു ഗവണ്മെന്റെന്നു പറയുന്നതു തുടർച്ചയായ പ്രവർത്തനം നടത്തിക്കൊണ്ടു പോരുന്ന ഒരു സ്ഥാപനമാണെന്നാണു ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. കക്ഷിഭരണം നിലവിലിരിക്കുന്ന എല്ലാ രാജ്യങ്ങളിലും കക്ഷികൾ, അതായതു അധികാരത്തിലിരിക്കുന്ന കക്ഷികൾ, ചില പ്രത്യേക പരിതഃസ്ഥിതികളുടെ സമ്മർദ്ദനത്തിന്റെ ഫലമായി ഒരു പക്ഷെ അധികാരത്തിൽ നിന്നും വിട്ടുപോയെന്നു വരാം. എന്നാൽ ഗവണ്മെൻറു് അനസ്യൂതമായി, നിരന്തരമായി പ്രവർത്തിച്ചുകൊണ്ടു തന്നെ ഇരിക്കുന്നു. അതുകൊണ്ടു് ഏതെങ്കിലും കാരണവശാൽ ഇതിനു

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. T. K. Narayana Pillai.]

മുമ്പ് നിലവിലിരുന്ന മന്ത്രിസഭ അധികാരത്തിൽ നിന്നും വിട്ടുപോയിട്ടുണ്ടെങ്കിൽ തന്നെ ആ മന്ത്രിസഭയുടെപ്രവർത്തനങ്ങളെ കർശനമായി വിമർശിക്കുന്നതു് ഇന്നു നിലവിലിരിക്കുന്ന ഗവണ്മെൻറിനു തന്നെ ആക്ഷേപാർഹമാണെന്നാണു് എൻെറ അഭിപ്രായം. അതുകൊണ്ടു ഞാൻ അതിന് മുനിയുന്നില്ല. എൻെറ ബഹുമാന്യസ്നേഹിതൻ ശ്രീമാൻ താണുപിള്ള അവർകൾ അദ്ദേഹത്തിൻെറ പ്രസംഗത്തിൽ അദ്ദേഹം ചെയ്തിട്ടുള്ള മഹത്തരങ്ങളായ കാര്യങ്ങളെപ്പറ്റി പറയുകയുണ്ടായി. അതിനും ഞാൻ മറുപടി പറയണമെന്നാഗ്രഹിക്കുന്നില്ല. എന്നാൽ ചില സംഗതികൾ-ഗവണ്മെൻറിൻെറ പ്രവർത്തനങ്ങളെപ്പറ്റിയല്ല--ബഹുമാന്യപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നു ഞാനാഗ്രഹിക്കുന്നു. ശ്രീമാൻ ജി. രാമചന്ദ്രൻ ചെയ്തതുപോലെ അനാവശ്യജനകവും, വികാരനിർഭരവുമായ ഒരു പ്രസംഗം ചെയ്യാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നില്ല. പൊളിറ്റിക്കൽ ഇൻട്രിഗ് എന്ന വാക്കിൻെറ അർത്ഥം എനിക്കു് അറിയാവുന്നതിൽ കൂടുതൽ അദ്ദേഹത്തിനുതന്നെയാണു് അറിയാവുന്നതു്. അതുകൊണ്ടു് അതിനെപ്പറ്റിയും മറുപടി പറയണമെന്നു് ഞാൻ ആഗ്രഹിക്കുന്നില്ല. ഞാൻ പൊളിറ്റിക്കൽ ഇൻട്രീഗിൽ പെട്ടിട്ടില്ല, പെടുന്നവനുമല്ലെന്നു എനിക്കു ഏതായാലും പൂർണ്ണബോദ്ധ്യമുണ്ടു്. അനേകകാലം ഗാന്ധിശിഷ്യനായി അദ്ദേഹത്തിൻെറ അടുക്കൽ കഴിഞ്ഞുകൂടിയ ശ്രീ. ജി. രാമചന്ദ്രൻ അത്തരം പ്രവർത്തനങ്ങളും പ്രവർത്തനമാർഗ്ഗങ്ങളും സുപരിചിതമായിരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. ഇതുമാത്രമെ അതിനു് മറുപടിയായി പറയണമെന്നു് ഞാൻ ആഗ്രഹിക്കുന്നുള്ളു. എന്നാൽ ഒരു കാര്യം ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ എനിക്കു് ആഗ്രഹമുണ്ടു്. ജനകീയഭരണം പ്രത്യേകിച്ചും തിരുവിതാംകൂറിൽ വെസ്റ്റ് മിനിസ്റ്റർ മാതൃകയിലുള്ള ഒരു ഭരണക്രമമാണു് പ്രവർത്തനം നടത്തുന്നതു്. ഒരു കക്ഷി അധികാരത്തിൽ വരുമ്പോൾ ആ കക്ഷിയുടെ പ്രധിനിധികളായി പ്രവർത്തനം ചെയ്യുന്ന മന്ത്രിസഭ ആ കക്ഷിയുടെ വിശ്വാസവും സ്നേഹവും ആദരവും ആർജിച്ചിരിക്കേണ്ടതും അങ്ങനെയല്ലാതെ വരുമ്പോൾ ആ മന്ത്രിസഭ പ്രവർത്തനരഹിതമായിത്തീരുകയും ചെയ്യുക എന്നുള്ളതു് സാധാരണ സ്വീകരിച്ചിട്ടുള്ള ഒരു രീതിമാണു്. കാരണങ്ങൾ എന്തെല്ലാമായിരുന്നാലും ആ കാരണങ്ങളെപ്പറ്റി പറയുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനുള്ള അവസരമൊ സ്ഥഭമൊ ഇതല്ലാ എന്നു എനിക്കു നല്ലപോലെ അറിയാം. അതുകൊണ്ട് ഒരു കക്ഷിയുടെ അതായതു് എതു കക്ഷിയുടെ പ്രതിനിധികളായിട്ടാണോ ഇതിനു മുമ്പുലത്തെ മന്ത്രിസഭയിലെ അംഗങ്ങളം രാജ്യഭരണം നടത്തിവന്നിരുന്നതു് ആ കക്ഷിയുടെ വിശ്വാസവും സ്നേഹവും ആ മന്ത്രിസഭയിൽ ഇല്ലാതായിത്തീർന്നുവെന്നുള്ളതു് വെറും ഒരു പരമാത്ഥം മാത്രമാണു്. അതിലേക്കിടയാക്കിയ കാരണങ്ങളെപ്പറ്റി വിശദീകരിക്കേണ്ട ആവശ്യം എനിക്കിപ്പോളില്ല. എന്നാൽ ഒരു കാര്യം വ്യക്തമാക്കണമെന്നതന്നെ ഞാൻ ആഗ്രഹിക്കുന്നു. അന്നു് ഹാജരാക്കിയ അവിശ്വാസപ്രമേയത്തിൽ ഒടുവിലത്തെ ഭാഗ ഏതാണ്ടു ഇപ്രകാരമായിരുന്നു. ,,മുൻകാണിച്ചിരിക്കുന്ന അവിശ്വാസപ്രമേയത്തെ അടുത്ത പാർട്ടിമീറ്റിംഗിലെ അജൻറായിൽ ചേർക്കണ''മെന്നുള്ള ഒരു റിക്വിസിഷൻ ആയിരുന്നു അതു്. ആ റിക്വിസിഷൻ കിട്ടിയ ഉടൻതന്നെ ശരിയായാലും കൊള്ളാം തെറ്റായാലും കൊള്ളാം അന്നത്തെ പ്രധാനമന്ത്രി അദ്ദേഹത്തിന്റെ സഹമന്ത്രിമാരോടു ആലോചിച്ചതിനുശേഷം രാജിവയ്ക്കുന്നു എന്നാണു് പ്രഖ്യാപനം ചെയ്തതു്. ഒരുപക്ഷെ അവിശ്വാസപ്രമേയത്തിൽ ആ അവിശ്വാസത്തിനിടയാക്കിയ കാരണങ്ങളെ വിശദീകരിക്കാതിരുന്നതിനു് മതിയായ കാരണങ്ങളുണ്ടായിരുന്നിരിക്കാം. അവിശ്വാസപ്രമേയം വാദപ്രതിവാദത്തിനു് വരുന്ന സമയത്തു അതിന്റെ അടിസ്ഥാനകാരണങ്ങളം എന്തെല്ലാമാണു്, ഏതെല്ലാം പരിതഃസ്ഥിതികളിലാണു് ആ അവിശ്വാസപ്രമേയം ഹാജരാക്കുന്നതിനു് കക്ഷിയിലെ അംഗങ്ങളും ___ന്യ ഒ അംഗങ്ങളും നിർബന്ധിതരായിത്തീർന്നിട്ടുള്ളതു് എന്നും മറും വിശദമാക്കാൻ ഒരവസരമുണ്ടാകുമായിരുന്നു. എന്നാൽ ആ അവസരം ഏതെങ്കിലും കാരണവശാൽ അന്നു് നിഷേധിക്കയാണു് ചെയ്തിട്ടുള്ളതു്. അതുകൊണ്ട് എനിക്കു് പറയാനുള്ളതു് ഏതു കക്ഷിയെ പ്രതിനിധികരിച്ചുകൊണ്ടാണോ അന്നത്തെ മന്ത്രിസഭ പ്രവർത്തനം ചെയ്തുവന്നിരുന്നതു് ആ കക്ഷിയുടെ വിശ്വാസം മന്ത്രിസഭയ്ക്കു് ഇല്ലാതായിത്തീർന്നു എന്നാണു്. അതുകൊണ്ട് ആ മന്ത്രിസഭ അവശ്യം തിരോധാനം ചെയ്യേണ്ടിവന്നു എന്നുള്ള പൊതുതത്വത്തെ അനുസ്മരിപ്പിക്കുമാത്രമേ എന്തെങ്കിലും പറയണ

LIBRARY ARCHIVES Kerala Legislative Assembly

മെന്ന് ഞാൻ വിചാരിക്കുന്നുള്ളൂ. ഇവിടെ ചില പ്രശ്നങ്ങൾ ഉന്നയിക്കുകയുണ്ടായി. ആ പ്രശ്നങ്ങൾക്ക് സമാധാനം പറയാനുള്ള സന്ദർഭമൊ സ്ഥലമോ ഇതല്ലാ എന്ന എനിക്ക് നല്ലപോലെയറിയാം. രണ്ടു സെൻറ് സ്ഥലത്തിനുള്ള വാടകോലാഹലവും മറ്റും ശ്രീമാൻ ജി. രാമചന്ദ്രൻ അവർകൾ ആവേശഭരിതവും ഉജ്ജ്വലവുമായി പ്രസംഗിക്കയുണ്ടായി. അതിന് ഇന്ന് ഈ സമയത്ത് ഈ സ്ഥലത്തു നിന്ന് ഒരു മറുപടി പറയേണ്ട ആവശ്യം എനിക്കില്ല. ആ രാജിയെ തുടർന്ന് ശ്രീ. പട്ടം താണുപിള്ള അവർകളും അദ്ദേഹം ചെയ്തിട്ടുള്ള പ്രസംഗങ്ങളും അതിനെ തുടർന്ന് നാട്ടിൻറെ ചില ഭാഗങ്ങളിൽ അദ്ദേഹത്തിൻറെ സഹപ്രവർത്തകന്മാരും മറ്റും ചെയ്തിട്ടുള്ള പ്രസംഗങ്ങളും ഞാൻ അപ്പോഴപ്പോൾ തന്നെ വളരെ ശ്രദ്ധയോടുകൂടിയും എന്നാൽ വളരെ മനസ്സാപത്തോടുകൂടിയും മനോവേദനയോടുകൂടിയും വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിലേക്ക് മറുപടി പറയാൻ ഞാനോ എൻറെ സഹമന്ത്രിമാരോ ഒരുമ്പെട്ടിട്ടില്ലാത്തതു അതിനു മറുപടിപറയാൻ അശക്തരായതുകൊണ്ടല്ലെന്നും എന്നാൽ ഞങ്ങൾക്ക് രാജ്യത്തോടുണ്ടായിരുന്ന മമതലയേയും ഗൗരവത്തേയും മനസ്സിലാക്കി രാജ്യത്ത് അനാവശ്യമായമത്സരങ്ങളും വിദ്വേഷങ്ങളും ഇളക്കിവിടുന്നതു ഞങ്ങളുടെ ഇന്നത്തെ നിലക്ക് അനുയോജ്യമായിരിക്കയില്ലെന്നുള്ള പരിപൂർണ്ണമായ വിശ്വാസം കൊണ്ടാണെന്നും ഈ സന്ദർഭത്തിൽ പറഞ്ഞുകൊള്ളട്ടെ. ഏതായാലും ഐക്യകേരള പ്രശ്നത്തെപ്പറ്റിയൊ രണ്ടുസെൻറു സ്ഥലത്തെപ്പറ്റിയോ പ്രതിമ നീക്കുന്നതിനെപ്പറ്റിയൊ സർ. സി. പി. രാമസ്വാമി അയ്യരുടെ വ്യാവസായിക പ്രവർത്തനങ്ങളിൽ ഒരു പരസ്യാന്വേഷണം നടത്തേണ്ട ആവശ്യകതയെപ്പറ്റിയൊ ഈ സന്ദർഭത്തിൽ എന്നിൽ നിന്നും തൽക്കാലമൊന്നും ലഭിക്കുവാൻ പോകുന്നില്ലെന്ന് പറഞ്ഞുകൊള്ളട്ടെ. ഐക്യകേരളപ്രശ്നത്തെപ്പറ്റി എന്താണ് ഗവണ്മെൻറു ചെയ്യാൻ പോകുന്നതെന്ന് അനന്തരനടപടികൾ തിരുവിതാംകൂറുകാരെ മാത്രമല്ല ലോകത്തെ തന്നെയും മനസിലാക്കുമെന്ന് എനിക്ക് ബോധ്യമുണ്ട്. അതുപോലെ രാജ്യത്തെ അപ്പോഴപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ഞങ്ങളുടെ മനസ്സാക്ഷിക്ക് അനുസരണമായി രാജ്യത്തിൻറെ ഭാവിയെ മുൻനിറുത്തിയും അവശ്യം വേണ്ടതു പ്രവർത്തിക്കുന്നതിന് ധൈര്യവും ദേശാഭിമാനവും ഞങ്ങൾക്കുണ്ടെന്നാണ് ഞങ്ങളേതായാലും

LIBRARY ARCHIVES Kerala Legislative Assembly

അഭിമാനിക്കുന്നത് സർ, ശ്രീമാൻ താണുപിള്ള അവർകളും ഉപദേശകസ്ഥാനത്തിൽ തന്നിട്ടുള്ള വിലയേറിയ ഉപദേശങ്ങളും ഞാൻ വളരെ സന്തോഷത്തോടുകൂടിത്തന്നെ സ്വീകരിക്കുന്നു. അദ്ദേഹത്തോട് എനിക്കു വളരെ കടപ്പാടുകളും ഉണ്ടെന്നു അനുനിമിഷവും ഓർത്തുകൊണ്ടിരിക്കുന്നവനാണ് ഞാൻ. അദ്ദേഹം ഗവണ്മെൻറു ഇന്നയിന്ന കാര്യങ്ങളിൽ ഇന്നയിന്ന നിലയാണ് സ്വീകരിക്കേണ്ടതെന്നു സന്ദർഭവശാൽ പറയുകയുണ്ടായി. അദ്ദേഹത്തിൻെറ ഉപദേശങ്ങളും ഞാൻ അതു അർഹിക്കുന്ന ഗൗരവത്തോടും പ്രാധാന്യത്തോടും വീക്ഷിക്കുമെന്നും സ്വീകരിക്കത്തക്കതാണെങ്കിൽ സ്വീകരിക്കുമെന്നും ഞാൻ തീർച്ചയായി പറഞ്ഞുകൊള്ളുന്നു. അതിൽക്കൂടുതലായ ഈയവസരത്തിൽ എനിക്കൊന്നും പറയാനില്ല. ഗ്രൂപ്പുകളും ഉണ്ടായി എന്നു ശ്രീമാൻ ജി. രാമചന്ദ്രൻ അവർകളും ശ്രീമാൻ പട്ടം താണുപിള്ള അവർകളും പറയുകയുണ്ടായി. ഗ്രൂപ്പുകളും ഉണ്ടായിരുന്നിരിക്കാം. ഗ്രൂപ്പുകളും എല്ലാ രാജ്യങ്ങളിലും പ്രവർത്തനം ചെയ്യുന്നുണ്ട്. ഗ്രൂപ്പുകൾ ഉണ്ടാകാതിരിക്കുകയെന്നുള്ളതു ഏറ്റവും ആശാസ്യവും കാര്യക്ഷമവുമായ ഒരു നിലയാണെന്നുള്ളതു് ഞാനും മനസ്സിലാക്കുന്നുണ്ട്. എന്നാൽ ഇതിനു മുമ്പു ഗ്രൂപ്പുകളും പ്രവർത്തിക്കുകയും ആ ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളിൽ നിന്നും ഡെമോക്രസിയുടെ അടിസ്ഥാനതത്വങ്ങളുംകൂടി പോലും ഉലച്ചിൽ തട്ടുകയും ചെയ്തു എന്നു ശ്രീ. രാമചന്ദ്രൻ അവർകൾ പറയുന്ന അവസരത്തിൽ ഒരു കാര്യം ഞാൻ പറഞ്ഞുകൊള്ളട്ടെ. ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ കൊണ്ടു ജനകീയ ഭരണത്തിൻെറ അടിസ്ഥാനതത്വങ്ങൾക്കു ഉലച്ചിൽ തട്ടിയിട്ടുണ്ടെങ്കിൽ ഇനി മേലാലെങ്കിലും അതു് ആവർത്തിക്കാതിരിക്കുന്നതിനു നമുക്കെല്ലാപേർക്കും ശ്രമിക്കാം. അതു നമ്മുടെ എല്ലാവരുടേയും ലക്ഷ്യമായിരിക്കട്ടെ. ഇത്രമാത്രമേ എനിക്കു് ഈയവസരത്തിൽ പറയാനുള്ളൂ.

MR. THARIATH KUNJITHAMMEN : പാർട്ടി അംഗങ്ങളെപ്പറ്റി വളരെ ഗുരുതരമായ ആരോപണങ്ങളാണ് ഇവിടെ പുറപ്പെടുവിച്ചിട്ടുള്ളതു്. പ്രസിഡൻറു് അനുവദിക്കുമെങ്കിൽ അതിനു മറുപടിയായി രണ്ടു വാക്കു് പറഞ്ഞാൽ കൊള്ളാമെന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT: ഈ പ്രസ്താവനകളെപ്പറ്റിവാദപ്രതിവാദംചെയ്യാൻ പാടില്ലെന്നാണ് നിയമം. അതുകൊണ്ട് അനുവദിക്കാൻ നിവൃത്തിയില്ല.

ADJOURNMENT MOTIONS.

MR. P. S. NATARAJA PILLAI : Sir, I have given notice of an adjournment motion.

MR. PRESIDENT : There are many adjournment motions.

MR. P. S. NATARAJA PILLAI : As the question hour is over, the adjournment motions may be taken up.

MR. PRESIDENT : Yes, Mr. P. S. Nataraja Pillai.

MR. P. S. NATARAJA PILLAI : Sir, I would request you to permit me to explain how my adjournment motion is relevant and urgent.

MR. PRESIDENT ; If the adjournment motion is allowed, the explanation will be allowed.

MR. P. S. NATARAJA PILLAI : I rise to a point of order. If the motion is going to be disallowed, I may be allowed, before doing so to explain how it is relevant.

MR. PRESIDENT : The motion of Mr. Nataraja Pillai runs as follows ;

> "I move for the adjournment of the business of the Assembly for the discussion of a definite matter of urgent public importance, namely, the adoption of the provisions on fundamental rights in the constitution of India by the Constituent Assembly of India and its constitutional effect on the constitutional position of Travancore."

There is a statement also. According to the rules, the statement can be read only if the motion is allowed. I have my own doubts whether this adjournment motion is in order. The motion does not contain all the elements required for an adjournment motion viz., urgent public importance. This matter pertains to the work of constitution making. The proper place to move this motion is in the Representative Body.

MR. P. S. NATARAJA PILLAI : I may be heard on that point.

MR. PRESIDENT : The Repesentative Body has been constituted for making a constitution for Travancore. Even granting for argument's sake that it can be moved here, the matter must be definite, urgent and of recent occurrence. The draft constitution of India was published long ago and provisions on fundamental rights were discussed for several days by the Advisory Committee set up by the Representative Body of Travancore.

MR. P. S. NATARAJA PILLAI : On a personal explanation, Sir my motion refers to the Constituent Assembly of India.

LIBRARY ARCHIVES Kerala Legislative Assembly